# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6572 — 04.04.2018 ൽ മറുപടിക്ക്

**പൊതുമരാമത്ത് പദ്ധതികളിലെ ക്രമക്കേടുകൾ ഇല്ലാതാക്കാൻ നടപടി**

**ചോദ്യം**

**ശ്രീ.അടൂർ പ്രകാശ്**

(എ) പൊതുമരാമത്ത് പദ്ധതികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ചീഫ് ടെക്നിക്കൽ എക് സാമിനർ, ധനകാര്യ പരിശോധനാ വിഭാഗം എന്നിവയിൽ ഏതിന്റെ അന്വേഷണമാണ് വേണ്ടതെന്ന് ജനകീയ സമിതികൾക്ക് തീരുമാനിക്കുവാൻ അധികാരമുണ്ടോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള ദേശീയപാത, മറ്റ് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, വകുപ്പിന് കീഴിലുള്ള മറ്റു സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയിലെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതി രൂപീകരണം കൊണ്ട് സാധ്യമായിട്ടുണ്ടോ ;

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതു ഉറപ്പുവരുത്തുന്നതിനുമായി 05/01/2018-ലെ സർക്കാർ ഉത്തരവ് GO(Ms) 1/2018/PWD പ്രകാരം സാമൂഹ്യ ഓഡിറ്റ് സമിതികൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഗുണഫലങ്ങൾ വിലയിരുത്താറായിട്ടില്ല.

പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികളിൽ ക്രമക്കേടുകൾ ഉണ്ടെന്ന് സാമൂഹ്യ ഓഡിറ്റ് സമിതികൾക്ക് ബോധ്യപ്പെടുന്ന പക്ഷം പ്രവൃത്തിയിൽ ക്രമക്കേടുകൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പ്രവൃത്തി പരിശോധിക്കണമെന്നോ, വകുപ്പിന്റെ വിജിലൻസ് വിഭാഗം, ധനകാര്യ വകുപ്പ് പരിശോധന വിഭാഗം, ചീഫ് ടെക്നിക്കൽ എക് സാമിനർ, പോലീസ് വിജിലൻസ് വിഭാഗം മുതലായ അന്വേഷണ

| | |
|---|---|
| | വിഭാഗങ്ങളുടെ അന്വേഷണം നടത്തണമെന്നോ സർക്കാരിലേക്ക് ശുപാർശ നൽകുവാൻ പൊതുമരാമത്ത് സോഷ്യൽ ഓഡിറ്റ് സമിതിക്ക് അധികാരമുണ്ട്. |
| (സി) ജനകീയ സമിതികൾക്ക് അധികാരം **(സി)** നൽകുന്നതിലൂടെ കൂടുതൽ **യും** കാര്യക്ഷമമായ പരിശോധനയ്ക്കും **(ഡി)** വേഗത്തിലുള്ള അന്വേഷണത്തിനും **യും** വഴി തുറക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | സാമൂഹ്യ ഓഡിറ്റ് സമിതികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിലൂടെ പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമായും വേഗത്തിലും നടപ്പാക്കാവുന്നതാണ്. സാമൂഹ്യ ഓഡിറ്റ് നടപ്പാക്കിത്തുടങ്ങിയതേയുള്ളൂ. ഓരോ ജില്ലയിലെയും പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾ ജനകീയ ഓഡിറ്റ് നടപ്പാക്കുന്നതിനാവശ്യമായ രേഖകൾ വകുപ്പിലെ ബന്ധപ്പെട്ട കാര്യാലയങ്ങളിൽ നിന്നും നല്കണമെന്നുള്ള നിർദ്ദേശം ജീവനക്കാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതാണ്. |
| ഡി) ജനകീയ പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ പൊതുമരാമത്ത് വകുപ്പ് നൽകണമെന്ന നിർദ്ദേശം പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥർ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | |

**സെക്ഷൻ ഓഫീസർ**